(സി) ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്താണ് പന്നിവളർത്തൽ ആരംഭിച്ചിരിക്കുന്നതെന്നും അത് അവിടെനിന്നും മാറ്റി സ്ഥാപിക്കണമെന്നും കാണിച്ച് തദ്ദേശവാസികൾ പരാതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)പഞ്ചായത്തിൽനിന്നും ലൈസൻസ് നൽകിയിട്ടില്ല.

(സി) പരാതി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

(ഡി) പരാതിയെപ്പറ്റി അന്വേഷണം നടത്തിയപ്പോൾ ശ്രീമതി. കസ്തൂരിഭായി അനധികൃതമായി ഒരു ഷെഡ് നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് പഞ്ചായത്തിൽ അപേക്ഷ നൽകാൻ ആവശ്യപ്പെടുകയും അപ്രകാരം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറിൽനിന്നും നിരാക്ഷേപപത്രം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറിൽനിന്നും നിരാക്ഷേപപത്രം (എൻ.ഒ.സി) ലഭിച്ചാൽ മാത്രമേ ലൈസൻസ് നൽകുന്ന കാര്യം പഞ്ചായത്ത് പരിഗണിക്കുകയുള്ളൂ.

പീലിക്കോട് ഗ്രാമപഞ്ചായത്തിലെ അഴിമതി സംബന്ധിച്ച പരാതി

82 (3170) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽപ്പെട്ട പീലിക്കോട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള ഏതെങ്കിലും പൊതുമരാമത്ത് പണികളിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പടുവളം-പുത്തിലോട് റോഡ് നിർമ്മാണത്തിൽ അഴിമതി നടന്നിട്ടുണ്ടെന്ന നാട്ടുകാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ അഴിമതി നടത്തിയവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഇ) വിശദാംശം വ്യക്തമാക്കുമോ;

(എഫ്)ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്)വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly